# പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി VIII

## (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ

## (ECONOMIC AFFAIRS)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**രണ്ടാമത് റിപ്പോർട്ട്**
**(2012-2013)**

**SECOND REPORT**
**ON**
**THE SCRUTINY OF DEMANDS FOR GRANTS**
**(2012-2013)**

2012 ജൂൺ 11-ാം തീയതി സമർപ്പിച്ചത്

(Presented on 11th June, 2012)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2012

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി VIII

**(SUBJECT COMMITTEE VIII)**

## സാമ്പത്തിക കാര്യങ്ങൾ

**(ECONOMIC AFFAIRS)**

# ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

**(2012-2013)**

# SECOND REPORT ON THE SCRUTINY OF DEMANDS FOR GRANTS

**(2012-2013)**

450/2012.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി VIII—സാമ്പത്തിക കാര്യങ്ങൾ

## (2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. ബാബു
എക്സൈസും തുറമുഖവും വകുപ്പുമന്ത്രി

* ശ്രീ. അനൂപ് ജേക്കബ്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

,, വി. ചെന്താമരാക്ഷൻ

,, കോവൂർ കുഞ്ഞുമോൻ

,, മുല്ലക്കര രത്നാകരൻ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. വി. ഡി. സതീശൻ

ഡോ. ടി. എം. തോമസ് ഐസക്

ശ്രീ. എം. പി. വിൻസെന്റ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി ഇൻ-ചാർജ്

,, കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി

,, എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി

* ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) 7-1-2012 മുതൽ 25-4-2012 വരെ എക്സ്-ഒഫീഷ്യോ അംഗമായിരുന്നു.

# അവതാരിക

2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സബ്ജക്റ്റ് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ)-ന്റെ പരിധിയിൽവരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2012 ഏപ്രിൽ 18, 24 എന്നീ തീയതികളിൽ സമിതി യോഗംചേർന്ന് കേരള നിയമസഭയുടെ ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

| | | | |
|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | V | — | കാർഷികാദായ നികുതിയും വിൽപ്പന നികുതിയും |
| ധനാഭ്യർത്ഥന നമ്പർ | VII | — | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും |
| ധനാഭ്യർത്ഥന നമ്പർ | VIII | — | എക്സൈസ് |
| ധനാഭ്യർത്ഥന നമ്പർ | X | — | ട്രഷറികളും അക്കൗണ്ടുകളും |
| ധനാഭ്യർത്ഥന നമ്പർ | XI | — | ജില്ലാഭരണവും പലവകയും |
| ധനാഭ്യർത്ഥന നമ്പർ | XIV | — | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും |
| ധനാഭ്യർത്ഥന നമ്പർ | XVI | — | പെൻഷനും പലവകയും |
| ധനാഭ്യർത്ഥന നമ്പർ | XXVIII | — | പലവക സാമ്പത്തിക സർവ്വീസുകൾ |
| ധനാഭ്യർത്ഥന നമ്പർ | XLIII | — | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും |
| ധനാഭ്യർത്ഥന നമ്പർ | XLV | — | പലവക വായ്പകളും മുൻകൂറുകളും |
| ധനാഭ്യർത്ഥന നമ്പർ | XLVI | — | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും |

ധനാഭ്യർത്ഥനകളുടെ പരിശോധനാവേളയിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിശോധിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിശദീകരണം ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അഭിപ്രായങ്ങൾ രൂപീകരിക്കുകയും നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. സമിതിയുടെ ശുപാർശകളും നിർദ്ദേശങ്ങളും ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

2012 മേയ് മാസം 9-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. എം. മാണി,

തിരുവനന്തപുരം,
2012 മേയ് 9.

*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി VIII.*

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ V — കാർഷികാദായ നികുതിയും വിൽപ്പന നികുതിയും

വോട്ട് ചെയ്തത് : 17009.56 ലക്ഷം രൂപ

ചാർജ്ജ് ചെയ്തത് : 4 ലക്ഷം രൂപ

2040-00-101-94—കമ്പ്യൂട്ടർവൽക്കരണം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം — 450.85 ലക്ഷം രൂപ

പദ്ധതിയിനം — ഇല്ല

1. സംസ്ഥാനത്തിന്റെ പ്രധാന സാമ്പത്തിക സ്രോതസ്സുകളിലൊന്നായ വാണിജ്യനികുതി വകുപ്പിന് നൂതന സാങ്കേതിക വിദ്യകളുപയോഗിച്ച് നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഇപ്പോൾ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ വാണിജ്യനികുതി വകുപ്പിൽ പഴക്കമേറിയ കമ്പ്യൂട്ടറുകൾ മാറ്റി സ്ഥാപിക്കുക, ഡിസാസ്റ്റർ റിക്കവറി സെന്റർ ആരംഭിക്കുക, ലാപ്ടോപ്പുകൾ വാങ്ങുക, നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനുള്ള സൈബർ ഫോറൻസിക് ലാബ് കമ്പ്യൂട്ടറൈസേഷൻ, വീഡിയോ കോൺഫറൻസിംഗ് എന്നിവയ്ക്കായി നടപ്പുസാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 9.25 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2040-00-101-97-34—വാണിജ്യനികുതി ഓഫീസുകൾ—മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : വോട്ട് ചെയ്തത് — 400 ലക്ഷം രൂപ

2. സംസ്ഥാനത്ത് ആകെയുള്ള 75 ചെക്ക്പോസ്റ്റുകളിൽ 6 എണ്ണം ‘എ’ ഗ്രേഡും 4 എണ്ണം ‘ബി’ ഗ്രേഡും 33 എണ്ണം ‘സി’ ഗ്രേഡും ബാക്കി 32 എണ്ണം താൽക്കാലിക ചെക്ക് പോസ്റ്റുകളുമാണ്. സ്ഥിരമായ വരുമാന വർദ്ധനവ് ലഭ്യമാക്കുന്ന ഈ ചെക്ക്പോസ്റ്റുകൾ നവീകരിച്ച് പ്രവർത്തനസജ്ജമാക്കേണ്ടതുണ്ട്. ആയതിനാൽ ചെക്ക്പോസ്റ്റുകളുടെ നവീകരണം, വേബ്രിഡ്ജുകൾ സ്ഥാപിക്കൽ, എറണാകുളം, പാലക്കാട്, കോട്ടയം, കൊല്ലം എന്നിവിടങ്ങളിൽ കെട്ടിട സമുച്ചയനിർമ്മാണം എന്നിവയ്ക്കും അഗ്നിശമന ഉപകരണങ്ങൾ വാങ്ങുക, തൃശ്ശൂരിലെ കെട്ടിടം കമ്മിഷൻ ചെയ്യുക എന്നിവയ്ക്കുമായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ചെക്ക്പോസ്റ്റുകളുടെ നവീകരണ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 20 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്**

2045-00-200-97-04-1—യാത്രാചെലവുകൾ-യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം — 25,000 രൂപ

3. 1988-ലെ സിനിമ (റെഗുലേഷൻ) റൂൾസ് പ്രകാരം നിലവിലുള്ള തിയേറ്ററുകളും പുതുതായി സ്ഥാപിക്കുന്ന തിയേറ്ററുകളും പരിശോധിച്ച് സുരക്ഷ സർട്ടിഫിക്കറ്റ് നൽകുന്ന ചുമതലയുള്ള ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന് യാത്രാബത്തയിനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 40,000 രൂപ ഈയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ VII—മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

വോട്ട് ചെയ്തത് : 13637.63 ലക്ഷം രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

2030-03-001-90—രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം — 100 ലക്ഷം രൂപ

4. സംസ്ഥാനത്ത് റവന്യൂ വരുമാനം സ്വരൂപിക്കുന്ന പ്രധാന വകുപ്പുകളിൽ ഒന്നായ രജിസ്ട്രേഷൻ വകുപ്പിന്റെ ഓഫീസുകൾ പലതും വാടക കെട്ടിടങ്ങളിലും സ്വന്തമായുള്ളവ കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലുമാണ്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും പഴയ കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനും 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5. രജിസ്ട്രേഷൻ വകുപ്പ് അടിയന്തിരമായി ആധുനികവത്ക്കരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായി സമിതി കരുതുന്നു. പൊതുജനങ്ങൾ ഏറ്റവും കൂടുതൽ സമ്പർക്കം പുലർത്തുന്ന ഈ വകുപ്പിലെ ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള വിലപിടിപ്പുള്ള രേഖകൾ കാലപ്പഴക്കംകൊണ്ട് നശിച്ചുപോകാൻ സാധ്യതയുള്ളതിനാൽ അവ ഡിജിറ്റൈസ് ചെയ്യേണ്ടതാണ്. ആയതിനാൽ രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവത്ക്കരണത്തിനായി 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2030-03-001-95-06—സബ് രജിസ്ട്രി ഓഫീസുകൾ-വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം — 45 ലക്ഷം രൂപ

6. തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ ഓഫീസും പ്രിൻസിപ്പൽ സബ് രജിസ്ട്രാർ ഓഫീസും പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ 2003 നവംബർ മുതലുള്ള വാടക, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവയുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

7. ചങ്ങനാശ്ശേരി സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ 2000 ഡിസംബർ മുതലുള്ള വാടക കുടിശ്ശിക കൊടുത്തുതീർക്കുന്നതിനായി ഈ ശീർഷകത്തിൽ 77.34 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ VIII—എക്സൈസ്

വോട്ട് ചെയ്തത് : 15324.77 ലക്ഷം രൂപ

ചാർജ്ജ് ചെയ്തത് : 10 ലക്ഷം രൂപ

2039-00-001-94—എക്സൈസ് വകുപ്പിന്റെ നവീകരണം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം — 275 ലക്ഷം രൂപ

പദ്ധതിയിനം : ഇല്ല

8. സംസ്ഥാന ഖജനാവിലേക്ക് ഏറ്റവും കൂടുതൽ വരുമാനം ലഭ്യമാക്കുന്ന എക്സൈസ് വകുപ്പിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്ന സ്വന്തം കെട്ടിടങ്ങളിൽ ഭൂരിഭാഗവും ജീർണ്ണാവസ്ഥയിലാണ്. ബാക്കിയുള്ളവ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. പഴയ കെട്ടിടങ്ങൾ പുതുക്കിപ്പണിയേണ്ടതും ആധുനികവൽക്കരിക്കേണ്ടതും വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കേണ്ടതും അനിവാര്യമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ എക്സൈസ് വകുപ്പിന് കെട്ടിടം നിർമ്മിക്കുന്നതിന് 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

9. എക്സൈസ് വകുപ്പിലെ ഓഫീസുകളുടെ നവീകരണത്തിനും ആധുനികവത്ക്കരണത്തിനും പദ്ധതിയിനത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2039-00-001-95—മദ്യാസക്തിക്കെതിരായ പ്രചരണം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം — 20 ലക്ഷം രൂപ

10. സംസ്ഥാനത്ത് മദ്യാസക്തിക്ക് അടിമപ്പെട്ടവരുടെ എണ്ണം ഏറിവരുന്ന സാഹചര്യത്തിൽ "മദ്യവിമുക്ത കേരളം" എന്ന ലക്ഷ്യപ്രാപ്തിക്കായി പ്രധാനമായും സ്കൂൾ, കോളേജ് കാമ്പസുകൾ കേന്ദ്രീകരിച്ച് സമഗ്ര മദ്യലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്നു. വകുപ്പിന്റെ ഇത്തരം പ്രവർത്തനങ്ങൾക്ക് കഴിഞ്ഞകാലങ്ങളിൽ വകയിരുത്തിയിരുന്നതിലും കുറഞ്ഞ തുകയാണ് ഈ സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്നതെന്നും മദ്യാസക്തിക്കെതിരായ പ്രചരണ പരിപാടികൾക്ക് ഈ തുക തികച്ചും അപര്യാപ്തമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ മദ്യലഹരിവിരുദ്ധ ബോധവൽക്കരണ പദ്ധതികളുമായി ബന്ധപ്പെട്ട് വകുപ്പ് നടപ്പിലാക്കിവരുന്ന കർമ്മ പരിപാടികൾക്കും ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിൽ ഡീഅഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനും ഈ ശീർഷകത്തിൽ 3.80 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2039-00-001-99-15—രഹസ്യസേവന ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം — 3.50 ലക്ഷം രൂപ

11. എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി രഹസ്യാന്വേഷണം ശക്തിപ്പെടുത്തുന്നതിനായി ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 6.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2039-00-001-96—ചാരായനിരോധനം നടപ്പാക്കുന്നതിന് കളക്ടർമാർക്കുള്ള ഫണ്ട്

12. ചാരായനിരോധനം നടപ്പിലാക്കിയ സാഹചര്യത്തിൽ ഈ ശീർഷകം 'വ്യാജമദ്യത്തിനെതിരെ നടപടിയെടുക്കുന്നതിന് കളക്ടർമാർക്കുള്ള ഫണ്ട്' എന്ന് മാറ്റണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ X—ട്രഷറികളും അക്കൗണ്ടുകളും

വോട്ട് ചെയ്തത് : 14955.24 ലക്ഷം രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

2054-00-095-96—അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും എ.ടി.എമ്മും സെൻട്രൽ സെർവർ സമ്പ്രദായം നടപ്പിലാക്കലും

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം — 650 ലക്ഷം രൂപ

13. സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനും ധനവിനിയോഗത്തിലെ കൃത്യതയും സൂക്ഷ്മതയും ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനത്തെ ഏത് ട്രഷറികളിൽ നിന്നും പണമിടപാട് നടത്താൻ കഴിയത്തക്കവിധം ട്രഷറികളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് നെറ്റ്വർക്കിംഗ്, കോർബാങ്കിംഗ്, ഇ-പേയ്മെന്റ്, എ.ടി.എമ്മുകൾ തുടങ്ങിയ ആധുനിക സംവിധാനങ്ങൾ ട്രഷറികളിൽ ഏർപ്പെടുത്തേണ്ടത് അനിവാര്യമാണ്. പ്രസ്തുത പ്രവർത്തനങ്ങൾക്ക് ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുകയ്ക്കുപുറമെ പദ്ധതി വിഹിതമായി 15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്

2054-00-098-88—ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ടുമെന്റിലെ കമ്പ്യൂട്ടർവൽക്കരണം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം — 60 ലക്ഷം രൂപ

14. അധികാര വികേന്ദ്രീകരണത്തെതുടർന്ന് പദ്ധതി അടങ്കലിന്റെ ഏകദേശം 40% തുകയും പഞ്ചായത്ത് നഗരപാലികാ സ്ഥാപനങ്ങളിലൂടെ വിനിയോഗം ചെയ്തു തുടങ്ങിയതോടെ അതിവിപുലമായ പദ്ധതി പ്രവർത്തന പ്രക്രിയയുടെ നിയമപരമായ നിരീക്ഷണം, ഫലപ്രാപ്തി തുടങ്ങിയവ പരിശോധിക്കുന്നതിനും പോരായ്മകൾ

കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമുള്ള സുപ്രധാന ചുമതല നിർവ്വഹിക്കുന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഓഡിറ്റ് കാര്യക്ഷമത, പ്രൊഫഷണൽ സമീപനം എന്നിവ വർദ്ധിപ്പിക്കുന്നതിന് ജീവനക്കാർക്ക് കാലാകാലങ്ങളിൽ പരിശീലനം നൽകുകയും വകുപ്പ് ആധുനികവൽക്കരിക്കുകയും ചെയ്യേണ്ടതുണ്ട്. യഥാസമയം ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിക്കുന്നതിനും ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിനും നെറ്റ്‌വർക്കിംഗ് സംവിധാനത്തോടുകൂടിയ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം വകുപ്പിൽ നടപ്പിലാക്കിവരുന്നു. കമ്പ്യൂട്ടർവൽക്കരണത്തിനായി മുൻവർഷങ്ങളിൽ അനുവദിച്ചിട്ടുള്ള തുകകൾ പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. ആയതിനാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാഭരണവും പലവകയും

വോട്ട് ചെയ്തത് : 35553 ലക്ഷം രൂപ

ചാർജ്ജ് ചെയ്തത് : 104.94 ലക്ഷം രൂപ

2047-00-103-93—ഏജന്റുമാർക്കും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമുള്ള പ്രോൽസാഹനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം — 10,000 ലക്ഷം രൂപ

15. ദേശീയ സമ്പാദ്യ പദ്ധതിയിൽ ആകെ 15000 ഏജന്റുമാർക്ക് പ്രോൽസാഹന അലവൻസും ബോണസും 2011 നവംബർ മുതലുള്ള കുടിശ്ശികയും നൽകുന്നതിന് ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്കും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമുള്ള പ്രോൽസാഹന അലവൻസ്, ഈയിനത്തിൽ മുൻവർഷങ്ങളിലെ കുടിശ്ശിക എന്നിവയ്ക്കായി ഇപ്പോൾ അനുവദിച്ച തുകയ്ക്കുപുറമെ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

വോട്ട് ചെയ്തത് : 31007.71 ലക്ഷം രൂപ

ചാർജ്ജ് ചെയ്തത് : 10,000 രൂപ

2070-00-800-98—സ്റ്റേറ്റ് ലോട്ടറി ഡയറക്ടറേറ്റ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം — 331.18 ലക്ഷം രൂപ

16. ഏകദേശം ഒന്നരലക്ഷം ഏജന്റുമാരുടേയും തൊഴിലാളികളുടേയും ജീവനോപാധിയായ കേരള സംസ്ഥാന ലോട്ടറി വിറ്റുവരവിൽ 2009-10-ലെ 625 കോടി

രൂപയിൽ നിന്നും 2011-ൽ 1,297 കോടി രൂപ എന്ന നിലയിലേക്ക് മുന്നേറ്റം നടത്തിയ സാഹചര്യത്തിൽ നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ആധുനികവൽക്കരണ ത്തിലൂടെയും ഓഫീസുകളുടെ നവീകരണത്തിലൂടെയും മാത്രമേ ഈവർഷത്തെ ലക്ഷ്യമായ 1860 കോടി രൂപയുടെ വിറ്റുവരവ് നേടാനാകുകയുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ എത്രയും അടിയന്തിരമായി ആരംഭിക്കേണ്ട കമ്പ്യൂട്ടർവൽക്കരണത്തിനും ഓഫീസ് നവീകരണത്തി നുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

17. ലോട്ടറി വകുപ്പിൽ നിലവിൽ ജില്ലാ ഓഫീസുകൾ മാത്രമാണ് ഉള്ളത്. വിറ്റുവരവ് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ സംവിധാനംമുഖേന സർക്കാരിന് ലോട്ടറി വിതരണം നടത്തുന്നതിനും ചെറുകിട ലോട്ടറി തൊഴിലാളികൾക്ക് ദിവസവും ടിക്കറ്റ് ലഭ്യമാക്കുന്നതിനും വളരെയധികം ബുദ്ധിമുട്ട് നേരിടുന്നു. താലൂക്കുതലത്തിൽ ഓഫീസുകൾ തുറക്കുകയാണ് ഇതിന് പരിഹാരമെന്ന് സമിതി കരുതുന്നു. ആയതിനാൽ ലോട്ടറി വകുപ്പിൽ താലൂക്കുതലത്തിൽ ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XVI—പെൻഷനും പലവകയും

വോട്ട് ചെയ്തത് : 926598.95 ലക്ഷം രൂപ

ചാർജ്ജ് ചെയ്തത് : 1680.56 ലക്ഷം രൂപ

2075-00-103-95—കാരുണ്യ ലോട്ടറിയിൽ നിന്നുള്ള അറ്റാദായം കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് മുതൽകൂട്ടൽ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം — 2,500 ലക്ഷം രൂപ

18. കാൻസർ, കിഡ്നി, ഹൃദയം എന്നിവ സംബന്ധമായ അസുഖങ്ങൾമൂലം അവശത അനുഭവിക്കുന്ന രോഗികളുടെ ചികിത്സയ്ക്കായി വിനിയോഗിക്കപ്പെടുന്ന കാരുണ്യ ലോട്ടറിയിൽ നിന്നുള്ള ലാഭം 2011-2012 സാമ്പത്തിക വർഷത്തിൽ ഏകദേശം 40 കോടി രൂപയായിരുന്നു. നടപ്പുവർഷം 80 കോടി രൂപ ലാഭമുണ്ടാക്കുമെന്ന് പ്രതീക്ഷി ക്കപ്പെടുന്ന കാരുണ്യ ലോട്ടറിക്കായി 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2075-00-800-98—രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം — 121.85 ലക്ഷം രൂപ

19. കേരളത്തിൽ പൈലറ്റ് പരിശീലനം നൽകുന്ന ഏക സർക്കാർ സ്ഥാപനമായ "രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി" ഇപ്പോൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരം വിമാനത്താവള വികസനത്തിന്റെ ഭാഗമായി അക്കാദമിയുടെ നിലവിലുള്ള ഹാംഗർ, ഓഫീസ് കെട്ടിടം, ഇന്ധന സംഭരണി എന്നിവ ഇപ്പോൾ തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളത്തിൽ എയർപോർട്ട്

അതോറിറ്റിയുടെ സ്ഥലത്തേക്ക് താൽക്കാലികമായി മാറ്റിസ്ഥാപിച്ചിരിക്കുകയാണ്. രണ്ടുവർഷംകൊണ്ട് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിയുടെ കെട്ടിട നിർമ്മാണ ത്തിനായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ രാജീവ്ഗാന്ധി സെന്റർ ഫോർ ഏവിയേഷൻ ടെക്നോളജിക്ക് പുതിയ കെട്ടിടം നിർമ്മി ക്കുന്നതിന് 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

20. തിരുവനന്തപുരം വിമാനത്താവള വികസനത്തിന്റെ ഭാഗമായി അക്കാദമിയുടെ നിലവിലുള്ള ഹാംഗർ മാറ്റി സ്ഥാപിക്കേണ്ടതായിവന്നിട്ടുണ്ട്. തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളത്തിൽ എയർപോർട്ട് അതോറിറ്റിയുടെ സ്ഥലത്ത് താത്ക്കാ ലികമായി പ്രവർത്തിക്കുന്ന ഹാംഗർ പുതിയ സ്ഥലത്തേക്ക് മാറ്റിസ്ഥാപിക്കുന്നതിനായി 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

കെ. എം. മാണി,

*ചെയർമാൻ,*

*സബ്ജക്റ്റ് കമ്മിറ്റി VIII.*

തിരുവനന്തപുരം,

2012 മേയ് 9.